

● ലോക സീനിയർ സിറ്റിസൺ ദിനാചരണത്തിന്റെ ഭാഗമായി ഫെഡറേഷൻ ഓഫ് സീനിയർ സിറ്റിസൺസ് കേരള ജില്ലാ കമ്മിറ്റിയും മാർ സ്ലീവാ മെഡിസിറ്റി പാലായും ചേർന്നു ഏറ്റുമാനൂരിൽ സംഘടിപ്പിച്ച വാക്കത്തോൺ 2026 അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് കെ.രാധാകൃഷ്ണൻനായർ (റിട്ട ഐ.പി.എസ്) ഫ്ലാഗ് ഓഫ് ചെയ്യുന്നു.

വയോജന ആരോഗ്യത്തിന്റെ സന്ദേശവുമായി ഏറ്റുമാനൂരിൽ വാക്കത്തോൺ

ഏറ്റുമാനൂർ: ലോക സീനിയർ സിറ്റിസൺ ദിനാചരണത്തിന്റെ ഭാഗമായി ഫെഡറേഷൻ ഓഫ് സീനിയർ സിറ്റിസൺസ് കേരള ജില്ലാ കമ്മിറ്റിയും മാർ സ്ലീവാ മെഡിസിറ്റി പാലായും ചേർന്നു സംഘടിപ്പിച്ച വാക്കത്തോൺ 2026 വർണാഭമായി. 250ൽ പരം സീനിയർ സിറ്റിസൺ അംഗങ്ങളാണ് വയോജനആരോഗ്യത്തിന്റെ സന്ദേശവുമായി വാക്കത്തോണിൽ അണിനിരന്നത്. കോട്ടയം ജില്ലയിലെ 21 സീനിയർ സിറ്റിസൺസ് യൂണിറ്റുകളിൽനിന്നുള്ള പ്രതിനിധികളും പങ്കെടുക്കാൻ എത്തിയിരുന്നു. ഏറ്റുമാനൂർ നന്ദാവനം ഓഡിറ്റോറിയത്തിനു മുന്നിൽനിന്നു ആരംഭിച്ച വാക്കത്തോൺ സംസ്ഥാന പ്രസിഡന്റ് കെ.രാധാകൃഷ്ണൻനായർ ഫ്ളാഗ് ഓഫ് ചെയ്തു. പേരൂർ ജംക്ഷൻ, സെൻട്രൽ ജംക്ഷൻ, അതിരമ്പുഴ റോഡ്, കോടതിപ്പടി, എം.സി.റോഡ് , സെൻട്രൽ ജംക്ഷൻ ചുറ്റി പടിഞ്ഞാറെ നട വഴി നന്ദാവനം ഓഡിറ്റോറിയത്തിൽ തിരികെ എത്തിച്ചേർന്നു. തുടർന്നു നടത്തിയ സമ്മേളനം ജില്ല പ്രസിഡന്റ് ഡോ.വി.വി.സോമന്റെ അധ്യക്ഷതയിൽ സംസ്ഥാന പ്രസിഡന്റ് കെ.രാധാകൃഷ്ണൻനായർ (റിട്ട ഐ.പി.എസ്) ഉദ്ഘാടനം ചെയ്തു. വയോജനങ്ങളുടെ ആരോഗ്യസംരക്ഷണത്തിനായി മാർ സ്ലീവാ മെഡിസിറ്റി നടത്തി വരുന്ന വിവിധ പ്രവർത്തനങ്ങൾ മാതൃകപരമാണെന്നു അദ്ദേഹം പറഞ്ഞു. മാർ സ്ലീവാ മെഡിസിറ്റി മാനേജിങ് ഡയറക്ടർ ആൻഡ് സി.ഇ.ഒ റവ.ഫാ.മാത്യു തെക്കേൽ മുഖ്യ പ്രഭാഷണം നടത്തി. സീനിയർ സിറ്റിസൺ സമൂഹത്തിലെ അഭിവാജ്യ വിഭാഗമാണെന്നും വയോജനങ്ങളുടെ ആരോഗ്യപരിപാലനത്തിനു മാർ സ്ലീവാ മെഡിസിറ്റി മുഖ്യ പരിഗണനയാണ് നൽകുന്നതെന്നു അദ്ദേഹം പറഞ്ഞു.

മാർ സ്ലീവാ മെഡിസിറ്റിയുടെ ജറിയാട്രിക് വകുപ്പിന്റെ സേവനങ്ങളുടെ പ്രഖ്യാപനവും ചടങ്ങിൽ നടത്തി. മുതിർന്ന പൗരന്മാർക്കു (60 വയസ്സിനു മുകളിൽ ഉള്ളവർക്ക്) ജറിയാട്രിക് മെഡിസിന്റ് വിഭാഗത്തിൽ ഒരു മാസം മാർ സ്ലീവാ മെഡിസിറ്റിയിൽ സൗജന്യ കൺസൾട്ടേഷനാണ് പ്രഖ്യാപിച്ചത്. ഫ്ലോറൻസ് നൈറ്റിംഗൽ അവാർഡ് നേടിയ സോജ.ബേബി.കെയെ ചടങ്ങിൽ ആദരിച്ചു. മാർ സ്ലീവാ മെഡിസിറ്റി അസോ.ഡയറക്ടർ റവ.ഫാ.മാത്യു തുരുത്തിപ്പള്ളിൽ , ഫെഡറേഷൻ ജില്ല സെക്രട്ടറി പി.ജെ.ഹരികുമാർ, സംസ്ഥാന സെക്രട്ടറി ഡോ.കെ.എൻ.സോമദാസൻ, ആശുപത്രി ചീഫ് ഓഫ് മെഡിക്കൽ സർവീസ് എയർ കോമഡോർ ഡോ.പോളിൻ ബാബു, ഫെഡറൽ ബാങ്ക് പാലാ ബ്രാഞ്ച് ഹെഡ് ജിതിൻ വി. ജിമ്മി എന്നിവർ പ്രസംഗിച്ചു. മാർ സ്ലീവാ മെഡിസിറ്റി അസോ. ഡയറക്ടർമാരായ റവ. ഫാ. ജോസ് കീരഞ്ചിറ, റവ. ഡോ ജോസഫ് കരികുളം , റവ. ഫാ. ഗർവാസീസ് ആനിത്തോട്ടത്തിൽ, റവ. ഡോ. മാത്യു ചേന്നാട്ട് , ചീഫ് ഓപ്പറേറ്റിംഗ് ഓഫിസർ ഡോ. രശ്മി നായർ തുടങ്ങിയവരും വോക്കത്തോണിന്റെ ഭാഗമായി പങ്കെടുത്തു.

അമൃതയിൽ പിഎച്ച്.ഡി. പ്രവേശനത്തിന് അപേക്ഷിക്കാം

കൊല്ലം: അമൃത വിശ്വവിദ്യാപീഠത്തിൽ എൻജിനീയറിങ്, ആർട്ടിഫിഷൽ ഇന്റലിജൻസ്, കമ്പ്യൂട്ടിങ് എന്നീ വിഭാഗങ്ങളിലേക്കുള്ള പിഎച്ച്.ഡി. പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. തെരഞ്ഞെടുക്കപ്പെടുന്ന ഗവേഷകർക്കു ഗവേഷണം, പ്രബന്ധ പ്രസിദ്ധീകരണം, രാജ്യാന്തര യാത്രകൾ എന്നിവ ഉൾപ്പെടെ 25 ലക്ഷം രൂപ വരെ ഗ്രാന്റ് ലഭിക്കും. യോഗ്യരായ വനിതാ ഗവേഷകർക്കു ട്യൂഷൻ ഫീസിൽ അധിക ഇളവുകളും ലഭിക്കും. 60 ശതമാനം മാർക്കോടെ ബിരുദാനന്തര ബിരുദം നേടിയവർക്ക് അപേക്ഷിക്കാം. ഗേറ്റ്, യു.ജി.സി.–നെറ്റ് യോഗ്യതയുള്ളവരെ പ്രവേശന പരീക്ഷയിൽനിന്ന് ഒഴിവാക്കിയിട്ടുണ്ട്. താൽപര്യമുള്ള ഉദ്യോഗാർഥികൾ ഈ മാസം 31 ന് മുമ്പു വെബ്സൈറ്റ് (www.amrita.edu/phd) വഴി അപേക്ഷിക്കണം.

ഓണം വിപണിക്ക് ഒരുങ്ങി മിൽമ

കൊച്ചി: വിശ്വസിച്ച് കഴിക്കാവുന്ന ഗുണമേന്മയുള്ള പാലും പാലുൽപ്പന്നങ്ങളും ഓണക്കാലത്ത് കേരളത്തിലെ ജനങ്ങൾക്ക് ലഭ്യമാക്കാൻ വിപുലമായ ഒരുക്കങ്ങൾ നടത്തി മിൽമ എറണാകുളം മേഖലാ യൂണിയൻ. അത്തം മുതൽ തിരുവോണം വരെ മിൽമ എറണാകുളം മേഖലാ യൂണിയന്റെ പ്രവർത്തന പരിധിയിൽ വരുന്ന എറണാകുളം, ഇടുക്കി, കോട്ടയം, തൃശൂർ ജില്ലകളിലായി സാധാരണ വരുന്നതിന്റെ മുന്നിരട്ടി ആവശ്യകത മുന്നിൽ കണ്ടുള്ള തയാറെടുപ്പുകളാണു നടത്തിയിട്ടുള്ളതെന്ന് ചെയർമാൻ സി.എൻ. വത്സലൻപിള്ള പറഞ്ഞു. പാലും, നെയ്യും, ഇതര പാലുൽപ്പന്നങ്ങളും കൂടാതെ ഷുഗർ ഫ്രീ ഐസ്ക്രീം, ഷുഗർ ഫ്രീ പേഡ, 65 ഇനം എസ് ക്രീമുകൾ, 5 ഇനം പേഡ, വിവിധയിനം പനീർ, പാലട തുടങ്ങിയവ ഉൾപ്പെടെയുള്ള 160 ഉൽപ്പങ്ങൾ വിപണിയിൽ ലഭ്യമാക്കാനുള്ള തയാറെടുപ്പുകളും പൂർത്തിയായി. തൃപ്പൂണിത്തുറ, കോട്ടയം, കട്ടപ്പന, തൃശൂർ എന്നിവിടങ്ങളിലെ ഡയറികളിൽനിന്നു പാലും തൈരും ഇടപ്പള്ളിയിലെ പ്രൊഡക്ട്സ് ഡെയറിയിൽനിന്നു പാലുൽപ്പന്നങ്ങളും കൃത്യമായി ഉപഭോക്താൾക്ക് എത്തിക്കാനും പ്രതീക്ഷിക്കുന്നതിനേക്കാൾ കൂടുതൽ വിൽപന കൈകാര്യം ചെയ്യാൻ ആവശ്യമായ എല്ലാ സജ്ജീകരണങ്ങളും മേഖലാ യൂണിയൻ ഒരുക്കിയിട്ടുണ്ട്.

ഓണത്തോടനുബന്ധിച്ച് മായം കലർന്ന ഉൽപ്പന്നങ്ങളുടെ കടന്നുകയറ്റം തടയാനും പരമാവധി വിറ്റുവരും ലാഭവും നേടുക വഴി ക്ഷീരകർഷകരെ സഹായിക്കുന്ന നിലപാടുമായാണ് എറണാകുളം മേഖലായൂണിയൻ മുന്നോട്ടു പോകുന്നത്. ഇത്തരം പ്രവർത്തനങ്ങളിൽ മുഴുവൻ ക്ഷീരകർഷകരുടെയും ജനങ്ങളുടെയും പിന്തുണ മിൽമയ്ക്ക് ഉണ്ടാകണമെന്നു ചെയർമാൻ അഭ്യർഥിച്ചു. ഉത്രാടത്തിന് 12 ലക്ഷത്തോളം ലിറ്റർ പാലും 11,16,000 കിലോ തൈരും 200 ടൺ നെയ്യുടെയും വിൽപ്പനയാണു പ്രതീക്ഷിക്കുന്നതെന്നും ചെയർമാൻ അറിയിച്ചു.

കോടതി പരസ്യം
ബഹുമാനപ്പെട്ട നെയ്യാറ്റിൻകര ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി III മുമ്പാകെ
CMP No.4987/2025 IN MC 169/23
വാദി:
രാഖി ആർ. വി,
D/o വിജി എന്ന വിജയ,
ശ്രീ മംഗലം വീട്,നടുകാട്,
നാരുവാമൂട് പി. ഒ.
ഒന്നാം എതിർകക്ഷി:
സബിൻ സമ്പത്ത് ആർ. എസ്,
S/o സമ്പത്ത്,
ഉത്തമ മന്ദിരം,TKMCPO, കരിക്കോട്,
ശക്തികുളങ്ങര പി. ഒ.
കൊറ്റങ്കര വില്ലേജ്,കൊല്ലം ഡിസ്ട്രിക്ട്
ടി ഒന്നാം എതിർകക്ഷിയെ തെരിയപ്പെടുത്തുന്നത് താങ്കൾ ഒന്നാം എതിർകക്ഷി യായി നെയ്യാറ്റിൻകര ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് III കോടതിയിൽ നടന്നുവരുന്ന CMP.No 4987/2025 IN MC 169/23-ാം നമ്പർ കേസിൽ താങ്കൾക്ക് കോടതിയിൽ നിന്ന് പലപ്രാവശ്യം രജിസ്റ്റേഡ് ആയി നോട്ടീസ് അയച്ചിട്ടും താങ്കൾ കൈപറ്റാതെ ഒഴിഞ്ഞു മാറി നടക്കുന്നതിനാൽ താങ്കളുടെ നോട്ടീസ് പത്രത്തിൽ പരസ്യം ചെയ്ത് ഹാജരാക്കാൻ ഉത്തരവുള്ളതുമാകുന്നു. ടി നമ്പർ കേസ് 29/09/2026-ൽ വിചാരണ വച്ചിട്ടുള്ളതിനാൽ അന്നേദിവസം രാവിലെ 11 മണിക്ക് താങ്കളോ താങ്കൾ അധികാരപ്പെടുത്തിയ അഭിഭാഷകനോ നേരിട്ട് കോടതിയിൽ ഹാജരായി ബോധിപ്പിച്ചു കൊള്ളേണ്ടതും ആകുന്നു. അല്ലാത്തപക്ഷം താങ്കളെ കൂടാതെ കേസ് തീർച്ചയായും എന്നുള്ള വിവരം ഇതിനാൽ തെര്യപ്പെടുത്തിക്കൊള്ളുന്നു.
അഡ്വക്കേറ്റ്
റ്റി. ഹരീന്ദ്രൻ നായർ

നോട്ടീസ്
സകലമാനപേരെയും തെര്യപ്പെടുത്തുന്നത്.
തലവൂർ വില്ലേജിൽ സർവ്വെ 425/12-4 ൽപ്പെട്ട 8 ആർസ് 90 ചതുരശ്രമീറ്റർ വസ്തുവകകൾ തലവൂർ വില്ലേജിൽ മഞ്ഞക്കാല മുറിയിൽ മഞ്ഞക്കാല പി ഒ യിൽ പിൻ 691508 മാന്തറ പുത്തൻ വീട്ടിൽ രാജീവൻ നായർ ഭാര്യ രമാദേവി എൽ പേർക്ക് പട്ടാഴി SRO യിലെ 26.11.2025 ലെ 1189-ാം നമ്പർ വിലയാധാര പ്രകാരം ലഭിച്ചിട്ടുള്ളതാണ്. ടി ആധാരത്തിന്റെ മൂന്നാധാരമായ പത്തനാപുരം സബ് രജിസ്ട്രാർ ഓഫീസിലെ 1991ലെ 816-ാം നമ്പർ ഭാഗപത്രത്തിന്റെ ഒറിജിനൽ ടിയാളുടെ കൈവശം ഇല്ലാത്തതും ആയത് നഷ്ടപ്പെട്ട് പോയിട്ടുള്ളതായി ബാങ്കിനെ അറിയിച്ചിട്ടുള്ളതാണ്. ടി ആധാരത്തിന്റെ സർട്ടിഫൈഡ് കോപ്പി ഹാജരാക്കി കേരള ഗ്രാമീണ ബാങ്കിന്റെ കുന്നിക്കോട് ശാഖയിൽ നിന്നും ടിയാൾ വായ്പയ്ക്ക് അപേക്ഷിച്ചിട്ടുള്ളതാണ്. 1991ലെ 816-ാം നമ്പർ ഭാഗപത്രത്തിന്റെ അസ്സൽ ആധാരത്തിന്റെ അഭാവത്തിൽ സർട്ടിഫൈഡ് കോപ്പി ഈടായി സ്വീകരിച്ച് ടിയാൾക്ക് ലോൺ നൽകുന്നതിന് ആർക്കെങ്കിലും ആക്ഷേപം ഉള്ളപക്ഷം ഈ പരസ്യ തീയതി മുതൽ 7 ദിവസത്തിനകം ബാങ്കിന്റെ ശാഖാ മാനേജരെ രേഖാമൂലം അറിയിക്കേണ്ടതും അല്ലാത്തപക്ഷം ആക്ഷേപം ഇല്ലാ എന്ന് കണ്ട് വായ്പ അനുവദിക്കുന്നതുമാണ്.
17/08/2026
കേരള ഗ്രാമീണ ബാങ്കിന്റെ കുന്നിക്കോട് ശാഖ മാനേജർ

ആഗോള വിപണികളിലെ നിർമിതബുദ്ധിയുടെ സ്വാധീനം ചർച്ച ചെയ്ത് 'ഇന്നൊവേഷൻ ടു ഇംപാക്ട്'

തിരുവനന്തപുരം: ആഗോളതലത്തിൽ നിർമിതബുദ്ധി (എ.ഐ.) സൃഷ്ടിക്കുന്ന മാറ്റങ്ങളും വ്യാവസായിക സാധ്യതകളും ചർച്ച ചെയ്തുകൊണ്ട് 'ഇന്നൊവേഷൻ ടു ഇംപാക്ട്' നേതൃത്വ സംവാദം ടെക്നോപാർക്കിലെ പാർക്ക് സെന്ററിൽ നടന്നു. ഫൈ്ളടെക്സ്റ്റിന്റെ (ബ്രഹ്സ്താന്ധാറ്റന്ധ) വാർഷിക സംഗമമായ 'ആഹാൻ 26' ന്റെ ഭാഗമായി സംഘടിപ്പിച്ച പരിപാടിയിൽ സാങ്കേതിക, വാണിജ്യ, അക്കാദമിക് രംഗങ്ങളിലെ പ്രമുഖരും ദുബായ്, ജപ്പാൻ, ജർമ്മനി, സൗത്ത് ആഫ്രിക്ക തുടങ്ങിയ രാജ്യങ്ങളിൽ നിന്നുള്ള ഫൈ്ളടെക്സ്റ്റിന്റെ ബിസിനസ് പങ്കാളികളും നേതൃനിരയും പങ്കെടുത്തു.

സൈമൺ കുച്ചർ ഇന്ത്യ മാനേജിങ് പാർട്ണർ അമിത് കുമാർ അധ്യക്ഷത വഹിച്ച പാനൽ ചർച്ചയിൽ ഒ.എൻ.ഡി.സി. മുൻ സി.ഇ.ഒ. കോശി ടി., അശോക സർവകലാശാല ഡീനും ഐ.ഐ.ടി. ഡൽഹി പ്രൊഫസറുമായ പ്രൊഫ. ശന്തനു ചൗധരി, കേരള ബ്ലാസ്റ്റേഴ്സ് എഫ്.സി. സി.ഇ.ഒ. അഭിക് ചാറ്റർജി, പ്രൊഫൈൽ ആസ് എ സർവീസ് സി.ഇ.ഒ. ഡോ. ടിമോ മാർക്സ്, ഫൈ്ളടെക്സ്റ്റ് വൈസ് പ്രസിഡന്റ് നിലാദ്രി സെൻ എന്നിവർ പാനൽ ചർച്ചയിൽ പങ്കെടുത്തു.

സ്ഥാപനങ്ങളിലും സമൂഹത്തിലും കൃത്രിമബുദ്ധി ചെലുത്തുന്ന സ്വാധീനം, ഏജന്റിക് എഐയുടെ (-Agentic AI-) പരിണാമം, അവയുടെ വിലനിർണയ സംവിധാനങ്ങൾ, ഡാറ്റാ സ്വകാര്യതയെക്കുറിച്ചുള്ള ആശങ്കകൾ തുടങ്ങിയ വിഷയങ്ങളായിരുന്നു പ്രധാന ചർച്ചാവിഷയം. എ.ഐ. സ്വാധീനം ചെലുത്തുമോ ഇല്ലയോ എന്നതല്ല, ക്കണ്ടയുടെ സ്വാധീനം എങ്ങനെ വിപുലീകരിക്കാം എന്നതാണ് ലോകം ഇപ്പോൾ ചർച്ച ചെയ്യുന്നതെന്നു സ്വാഗത പ്രസംഗത്തിൽ ഫൈ്ളടെക്സ്റ്റ് സി.ഇ.ഒ. ഡോ. വിനോദ് വാസുദേവൻ പറഞ്ഞു.

നിർമിതബുദ്ധിയുടെ സാങ്കേതികവിദ്യയ്ക്ക് ഇനിയും ഒരുപാട് ദൂരം മുന്നോട്ട് പോകാനുണ്ടെന്നും നാം അതിന്റെ പ്രാരംഭഘട്ടത്തിൽ മാത്രമാണെന്നും പ്രൊഫ. ശന്തനു ചൗധരി പറഞ്ഞു. വ്യവസായ മേഖലയുടെ വലിയൊരു വിഭാഗത്തിൽ എ.ഐ. അധിഷ്ഠിതമായ നൂതനാശയങ്ങൾ വളർന്നുവരണമെന്നാണ് ആഗ്രഹിക്കുന്നതെന്ന് കോശി ടി. ചൂണ്ടിക്കാട്ടി. ഫുട്ടേബാളിൽ പരമാവധി ഡാറ്റാ പാറ്റേണുകൾ നിരീക്ഷിക്കാനാണ് തങ്ങൾ ശ്രമിക്കുന്നതെന്ന് കേരള ബ്ലാസ്റ്റേഴ്സ് സി.ഇ.ഒ. അഭിക് ചാറ്റർജി പറഞ്ഞു. കൃത്യമായ മാനദണ്ഡങ്ങൾ (ന്നഗ്ഗണ്ടന്ധ) മുൻകൂട്ടി നിശ്ചയിക്കുകയും അവ എത്രത്തോളം കൈവരിക്കാൻ കഴിഞ്ഞു എന്ന് വിലയിരുത്തുകയും ചെയ്യുന്നതിലൂടെ മാത്രമേ ഒരു എ.ഐ. ഏജന്റിന്റെ വിജയം അളക്കാൻ സാധിക്കൂ എന്ന് നിലാദ്രി സെൻ വ്യക്തമാക്കി. കൺസ്യൂമേഴ്സിന് അവരുടെ പ്രൊഫൈൽ ഡാറ്റ എങ്ങനെ എന്റർപ്രൈസസ് ഉപയോഗിക്കണം എന്നതിൽ സ്വാധീനം ചെലുത്താൻ കഴിഞ്ഞാൽ പ്രൈവസിയെ കുറിച്ചുള്ള ആശങ്കകൾ കുറയ്ക്കാൻ കഴിയുമെന്ന് ഡോ. ടിമോ മാർക്സ് അഭിപ്രായപ്പെട്ടു.

വേഗത്തിലുള്ള ഡാറ്റാ വിശകലനത്തിന് ബിസിനസ്സ് മേഖലയിൽ നിർമിതബുദ്ധി എങ്ങനെ പ്രയോജനപ്പെടുത്താം എന്നതിനെക്കുറിച്ച് പാനൽ അംഗങ്ങൾ തങ്ങളുടെ അനുഭവങ്ങൾ പങ്കുവെച്ചു. ഐ.ടി. രംഗത്തെ സംരംഭകർക്കും പ്രഫഷണലുകൾക്കും സാങ്കേതികവിദ്യാ തത്പരർക്കും എ.ഐ.യുടെ പ്രായോഗിക സാധ്യതകളെക്കുറിച്ച് വ്യക്തമായ അവബോധം നൽകിക്കൊണ്ടാണ് പരിപാടി സമാപിച്ചത്.

കൊച്ചി ടു ഷാർജ; ഇൻഡിഗോ സിയാലിൽനിന്ന് ചരക്ക് വിമാന സർവീസ് തുടങ്ങി

നെടുമ്പാശേരി: കൊച്ചി രാജ്യാന്തര വിമാനത്താവളത്തിൽനിന്ന് ഷാർജയിലേക്ക് ഇൻഡിഗോയുടെ ഷെഡ്യൂൾഡ് ചരക്കുവിമാന സർവീസ് ആരംഭിച്ചു. എയർ ബസ് എ321 വിഭാഗത്തിലുള്ള ചരക്കുവിമാനമാണ് കൊച്ചിഷാർജ റൂട്ടിൽ സർവീസ് നടത്തുന്നത്.

നിലവിൽ ആഴ്ചയിൽ ഒരു സർവീസാണ് ഉണ്ടാകുക. തുടർന്ന് സർവീസുകളുടെ എണ്ണം ആഴ്ചയിൽ മൂന്നായി ഉയർത്താനാണ് പദ്ധതി. വാണിജ്യ ചരക്കുകൾക്കും സമയബന്ധിതമായി എത്തിക്കേണ്ട ചരക്കുകൾക്കും പുതിയ സർവീസ് പ്രയോജനപ്പെടും. ഷാർജ വഴി യുഎഇയിലെയും ഗൾഫ് മേഖലയിലെയും മറ്റ് വിപണികളിലേക്കും ചരക്കുകൾ എത്തിക്കുന്നതിന് കയറ്റുമതിക്കാർക്ക് കൂടുതൽ സൗകര്യമൊരുങ്ങും.

കൊച്ചിക്കും ഷാർജയ്ക്കുമിടയിൽ ഇൻഡിഗോ കാർഗോയുടെ ഷെഡ്യൂൾഡ് ചരക്കുവിമാന സർവീസ് ആരംഭിക്കുന്നത് സിയാലിന്റെ കാർഗോ ശൃംഖലയ്ക്ക് കൂടുതൽ കരുത്തേകുന്നതാണ്.

കേരള സർക്കാരിന്റെ നേതൃത്വത്തിൽ കൊച്ചിയെ ഒരു പ്രധാന ലോജിസ്റ്റിക്സ് ഹബ്ബായി വികസിപ്പിക്കാനുള്ള ശ്രമങ്ങൾക്ക് ഇത്തരം രാജ്യാന്തര കാർഗോ കണക്ടിവിറ്റി കൂടുതൽ പിന്തുണ നൽകും.


കേരളത്തിലെ കയറ്റുമതിക്കാർക്കും വ്യവസായങ്ങൾക്കും ഗൾഫ് വിപണികളിലേക്ക് ചരക്കുകൾ എത്തിക്കുന്നതിന് പുതിയ സർവീസ് കൂടുതൽ അവസരമൊരുക്കും. സിയാൽ മാനേജിങ് ഡയറക്ടർ ശ്രീ.എസ്. സുഹാസ് ഐ.എ.എസ് പറഞ്ഞു.

പഴങ്ങൾ, പച്ചക്കറികൾ ഉൾപ്പെടെയുള്ള പെരിഷബിൾസ്, സമുദ്രോൽപ്പന്നങ്ങൾ, ഫാർമസ്യൂട്ടിക്കൽസ്, വസ്ത്രങ്ങൾ, സമയബന്ധിതമായി കൈകാര്യം ചെയ്യേണ്ട മറ്റ് വാണിജ്യ ചരക്കുകൾ എന്നിവ സിയാലിന്റെ കാർഗോ സൗകര്യങ്ങളിലൂടെ കൈകാര്യം ചെയ്യുന്നുണ്ട്. കയറ്റുമതി മേഖലയുടെയും വ്യാപാര-ലോജിസ്റ്റിക്സ് മേഖലയുടെയും വർധിച്ചുവരുന്ന ആവശ്യങ്ങൾ പരിഗണിച്ച് കാർഗോ അടിസ്ഥാനസൗകര്യങ്ങളും എയർലൈൻ ശൃംഖലയും വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സിയാൽ തുടരുകയാണ്.

സർവീസിന്റെ ആരംഭിക്കുന്നതിന്റെ ഭാഗമായി നടന്ന ചടങ്ങിൽ സിയാൽ എയർപോർട്ട് ഡയറക്ടർ ജി. മനു, എക്സിക്യൂട്ടീവ് ഡയറക്ടർമാരായ സജി ഡാനിയേൽ, സന്തോഷ് ജെ. പൂവാട്ടിൽ, കാർഗോ ഹെഡ് സതീഷ് കുമാർ പൈ, ഇൻഡിഗോ കാർഗോ വൈസ് പ്രസിഡന്റ് വിപിൻ കുമാർ മോഹ്ല, ഇൻഡിഗോ അസോസിയേറ്റ് വൈസ് പ്രസിഡന്റ് സെയിൽസ് (വെസ്റ്റ് സൗത്ത്) ബിജു ശങ്കർ, ഡയറക്ടർ കാർഗോ ഓപ്പറേഷൻസ് (വെസ്റ്റ് സൗത്ത്) ജുബിലന്റ് ജോൺസൺ, ഡയറക്ടർ സെയിൽസ് (നോർത്ത് ഈസ്റ്റ്) സതീഷ് മിശ്ര എന്നിവർ പങ്കെടുത്തു.

സ്വർണവില രണ്ടു തവണ കുതിച്ചു; പവന് 1,18,480

മട്ടാഞ്ചേരി: സ്വർണവിലയിലെ കയറ്റം ഇന്നലെയും തുടർന്നു. പവനു വില 1,18,480 രൂപയായി. രാവിലെ ഗ്രാമിന് 110 രൂപയും ഉച്ചകഴിഞ്ഞ് 100 രൂപയും കൂടി. ഗ്രാമിന് 14,810 രൂപയാണു വില. കഴിഞ്ഞ അഞ്ചു ദിവസത്തിനിടെ പവന് 4320 രൂപ വർധിച്ചു.



ഇന്നലെ രാജ്യാന്തര സ്വർണവില ഔൺസിന് 4585 ഡോളർ കടന്നതോടെയാണ് ആഭ്യന്തര വില രണ്ടു തവണയായി ഉയർന്നത്. വിനിമയ നിരക്കിൽ രൂപയുടെ മൂല്യം 95.77ൽനിന്ന് 95.68 ആയി മെച്ചപ്പെട്ടു.

കേരള സംസ്ഥാന ഭാഗ്യക്കുറി SUVARNA KERALAM SK-66 DRAW RESULT 21/08/2026

ഒന്നാം സമ്മാനം ₹ 1 കോടി RY 671695 (പിറ്റുർ)
സാന്ത്വന സമ്മാനം ₹ 5000: RN671695 RO671695 RP671695 RR671695 RS671695 RT671695 RU671695 RV671695 RW671695 RX671695 RZ671695
രണ്ടാം സമ്മാനം ₹ 30 ലക്ഷം: RW548703 (തിരുവനന്തപുരം)
മൂന്നാം സമ്മാനം ₹ 5 ലക്ഷം: RT235795 (തിരുവനന്തപുരം)
താഴെ കാണുന്ന നമ്പരുകളിൽ അവസാനിക്കുന്ന ടിക്കറ്റുകൾക്ക്
നാലാം സമ്മാനം ₹ 5000: 0202 0894 0910 1226 2046 2347 2692 2839 3823 5366 5719 6146 6163 7944 8511 8689 9438 9596 9868 1008 1524 1933 3117
അഞ്ചാം സമ്മാനം ₹ 2000: 0723 2166 4749 7090 9031 9123
ആറാം സമ്മാനം ₹ 1000: 3748 4378 4426 4661 4748 4756 5187 5297 5384 5606 6629 6657 6674 7043 7223 7469 7649 7759 7771 8488 9863
എട്ടാം സമ്മാനം ₹ 500: 0614 0784 0791 0837 1062 1202 1238 1246 1784 1821 1858 2157 2202 2209 2230 2494 2531 2574 2804 2812 2893 2996 3120 3164 3267 3378 3487 3646 3830 3967 3995 4099 4206 4330 4475 4816 4845 5182 5324 5425 5436 5454 5718 5988 6047 6122 6261 6325 6338 6360 6474 6535 6627 6634 6948 7027 7230 7398 7403 7617 7729 7883 8007 8755 8840 8883 9016 9020 9145 9228 9336 9455 9514 9607 9729 9948
ഒമ്പതാം സമ്മാനം ₹ 200: 0001 0062 0087 0311 0399 0508 0609 0666 0819 0836 1151 1257 1287 1315 1375 1434 1526 1592 1661 1771 2012 2053 2119 2293 2352 2807 3047 3119 3235 3328 3451 3550 3655 3738 3820 3866 3911 3922 4014 4016 4128 4298 4370 4400 4609 4727 5088 5118 5280 5354 5395 5545 5635 5686 5687 5868 5915 6010 6015 6326 6381 6699 6713 6720 6762 6843 6904 6905 6967 7190 7218 7527 7686 7734 7740 7953 7969 8082 8158 8452 8597 8738 8976 9200 9267 9345 9372 9481 9550 9702 9736 9984
പത്താം സമ്മാനം ₹ 100: 0098 0373 0530 0591 0663 0664 0816 0859 1090 1358 1376 1422 1476 1507 1537 1605 1667 1691 1793 1841 1852 2134 2369 2436 2439 2476 2504 2527 2564 2589 2612 2835 2842 2855 3040 3172 3253 3287 3288 3310 3362 3370 3594 3629 3725 3774 3775 3956 4089 4136 4217 4250 4294 4331 4351 4422 4496 4505 4802 4996 5027 5046 5077 5091 5159 5193 5409 5460 5492 5519 5537 5600 5711 5757 5777 5811 6144 6240 6268 6306 6365 6368 6636 6726 6737 6774 6788 6845 6898 6939 7092 7105 7238 7338 7373 7419 7510 7584 7593 7667 7708 7724 7789 7795 7825 7857 8038 8050 8086 8127 8154 8162 8165 8184 8204 8273 8522 8631 8654 8708 8764 8785 8882 8884 8895 8963 9041 9076 9087 9235 9287 9314 9384 9428 9619 9640 9662 9667 9705 9802 9818 9852 9869 9886
ഭാഗ്യക്കുറി ഫലത്തിന് വഞ്ചനാക്കേസ് നിലനിൽക്കുന്നതല്ല. വിജയിച്ചവർക്കുള്ള സമ്മാനത്തുക 90 ദിവസത്തിനുള്ളിൽ കൈപ്പറ്റുക. www.statelottery.kerala.gov.in

MANAPPURAM FINANCE LTD.
CIN: L65910KL1992PLC006623,
Registered Office : W - 4/ 638A, Manappuram House, P.O. Valapad, Thrissur - 680 567, Kerala, India
സ്വർണ്ണലേല അറിയിപ്പ്
ഞങ്ങളുടെ സ്ഥാപനത്തിന്റെ വിവിധ ശാഖകളിൽ പണയം വച്ചിട്ടുള്ള സ്വർണ്ണാഭരണങ്ങൾ അതാത് ശാഖകളിൽ വച്ച് 16/09/2026 തിയ്യതികളിൽ രാവിലെ 10.00 മണി മുതൽ പരസ്യമായി ലേലം ചെയ്യുന്നതാണെന്ന് പൊതു ജനങ്ങളേയും പണയ ഇടപാടുകാരെയും പ്രത്യേകിച്ചും ഇതിനാൽ അറിയിക്കുന്നു. സ്വർണ്ണാഭരണങ്ങൾ കമ്പനിയിൽ പണയം വയ്ക്കുകയും കാലാവധി കഴിഞ്ഞതിനെ തുടർന്നു രജിസ്റ്റേർഡ് പോസ്റ്റായി അയച്ചു കത്തുകൾ വഴി അറിയിച്ചിട്ടും പണയം വച്ച സ്വർണ്ണാഭരണങ്ങൾ തിരിച്ചെടുത്ത് ഇടപാടുകൾ അവസാനിപ്പിക്കുന്നതിൽ വീഴ്ച വരുത്തുകയും ചെയ്ത വിവിധ ആളുകളുടെ പണയ ഉരുപ്പടികൾ ആണ് ഇപ്പോൾ ലേലം ചെയ്യാൻ ഉദ്ദേശിക്കുന്നത്. ലേലത്തിന് വയ്ക്കുന്ന പണയ ഉരുപ്പടികളുടെ പട്ടിക അതാത് ശാഖകളിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. ലേലത്തിൽ പോകാതെ ബാക്കിവരുന്ന പണയ ഉരുപ്പടികൾ മറ്റൊരു അറിയിപ്പും നൽകാതെ വരും തീയ്യതികളിൽ ലേലം ചെയ്യുന്നതുമാണ്. ലേലത്തിന്റെ സ്ഥലത്തിലും തീയ്യതിയിലും എന്തെങ്കിലും മാറ്റങ്ങൾ ഉണ്ടെങ്കിൽ മുകളിൽ നൽകിയിട്ടുള്ള ലേല തീയ്യതിയിൽ അതാത് ലേല സ്ഥലത്ത് പ്രദർശിപ്പിക്കുന്നതും കമ്പനിയുടെ വെബ്സൈറ്റിൽ ഇടുന്നതുമാണ്. ഇതുമായി ബന്ധപ്പെട്ട മറ്റൊരു അറിയിപ്പ് ഉണ്ടായിരിക്കുന്നതുമല്ല.
പണയങ്ങളുടെ പട്